**STATE INSTITUTE OF TECHNICAL TEACHERS TRAINING & RESEARCH**

Department of Technical Education, Govt. of Kerala

**HMT Junction, Kalamassery, Kochi – 683 104**

*E-mail: jd@sitttrkerala.ac.in, sitttr@gmail.com, jd_cdc@yahoo.com*

***Phone & Fax: 0484 2542355, Mob: 9400006405*** Website: www.sitttrkerala.ac.in

No.P.3/649/2018 Dt. 11.05.2018

## പ്രസിദ്ധീകരണത്തിന്

2018-19 അദ്ധ്യയന വർഷത്തേക്കുള്ള സംസ്ഥാന പോളിടെക്നിക് പ്രവേശന നടപടികൾ 14.05.2018 തിങ്കളാഴ്ച മുതൽ ആരംഭിക്കും. സംസ്ഥാനാടിസ്ഥാനത്തിലാണ് പ്രവേശനം. ഒരു വിദ്യാർത്ഥിക്ക് 30 ഓപ്ഷനുകൾ വരെ നൽകാനാകും. www.polyadmission.org എന്ന വെബ്ബ് സൈറ്റ് മുഖേന ഓൺ ലൈനിൽ ആണ് അപേക്ഷ സമർപ്പിക്കേണ്ടത്. SSLC/THSLC/CBSE-X/ മറ്റ് തുല്യ പരീക്ഷകളിൽ ഉപരി പഠനത്തിന് അർഹത നേടിയ കണക്ക്, സയൻസ്, ഇംഗ്ലീഷ് മുതലായ വിഷയങ്ങൾ ഓരോ വിഷയങ്ങളായി പഠിച്ചവർക്ക് എഞ്ചിനീയറിംഗ് സ്ട്രീമിലേക്കും (സ്ട്രീം.1) കണക്ക്, ഇംഗ്ലീഷ് എന്നിവ പഠിച്ചവർക്ക് നോൺ എഞ്ചിനീയറിംഗ് സ്ട്രീമിലേക്കും (സ്ട്രീം.2) അപേക്ഷിക്കാം. കേരളത്തിലെ 45 ഗവൺമെന്റ് പോളിടെക്നിക്കുകളിലെ മുഴുവൻ സീറ്റുകളിലേക്കും 6 എയ്ഡഡ് പോളിടെക്നിക്കുകളിലെ 85% സീറ്റുകളിലേക്കും (ആകെ സീറ്റുകൾ -11670) 22500 രൂപ വീതം ഫീസ് നൽകേണ്ട സ്വാശ്രയ പോളിടെക്നിക്ക് കോളേജുകളിലെ ഗവ. സീറ്റുകളിലേക്കുമുള്ള (ആകെ സീറ്റുകൾ - 3055) അഡ്മിഷനാണ് ഓൺലൈൻ വഴി നടക്കുക. അപേക്ഷകർക്ക് സ്വന്തമായും അക്ഷയ സെന്ററുകൾ വഴിയും അപേക്ഷ തയ്യാറാക്കാമെങ്കിലും, പ്രസ്തുത അപേക്ഷകൾ പോളിടെക്നിക്കുകളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡസ്കുകളിൽ എത്തി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഇത്തരത്തിൽ ഹാജരാക്കിയ അപേക്ഷകൾ വെരിഫിക്കേഷൻ ഓഫീസറുടെ ഒപ്പ് നേടിയതിനുശേഷം മാത്രമേ ഫീസ് അടച്ച് രജിസ്റ്റർ ചെയ്യാൻ അനുവദിക്കൂ. ഹെൽപ്പ് ഡസ്കുകളുടെ സഹായം എല്ലാ പോളിടെക്നിക്ക് കോളേജുകളിലും ലഭ്യമാണെങ്കിലും ഫീസ് അടച്ച് അപേക്ഷ രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം ഗവൺമെന്റ്/എയ്ഡഡ് പോളിടെക്നിക്ക് കോളേജുകളിൽ മാത്രമേ ലഭ്യമായിട്ടുള്ളൂ. THSLC, ITI/ KGCE, VHSE എന്നിവ പാസ്സായവർക്ക് യഥാക്രമം 10, 5, 2% വീതം റിസർവ്വേഷനുണ്ട്. ITI/KGCE, VHSE പാസ്സായവർക്ക് അവരവരുടെ ട്രേഡുകൾ അനുസരിച്ചാണ് ബ്രാഞ്ചുകൾ തിരഞ്ഞെടുക്കാൻ സാധിക്കുക. ഭിന്നശേഷിയുള്ള -സഞ്ചാരം, കാഴ്ച, കേൾവി എന്നിവയ്ക്ക് വൈകല്യമുള്ളവർക്ക് 3% സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. മാനസിക വൈകല്യമുള്ളവർക്ക് ഈ വിഭാഗത്തിലേക്ക് അപേക്ഷിക്കാവുന്നതല്ല.

എൻ.സി.സി, സ്പോർട്ട്സ് ക്വാട്ടായിൽ അപേക്ഷിക്കുന്നവർ ഓൺലൈൻ അപേക്ഷ ഫീസ് അടച്ച് സമർപ്പിച്ചതിനുശേഷം, സമർപ്പിച്ച അപേക്ഷയുടെ കോപ്പി യഥാക്രമം എൻ.സി.സി.ഡയറക്ടറേറ്റിലേക്ക് ബറ്റാലിയൻ വഴിയും, സ്പോർട്ട്സ് ക്വാട്ടാ അപേക്ഷകർ സ്പോർട്ട്സ് കൗൺസിലിലേക്കും നൽകേണ്ടതാണ്. കൂടാതെ ജമ്മു & കാശ്മീർ, ആന്റമാൻ നിക്കോബാർ, ലക്ഷദ്വീപ് എന്നിവിടങ്ങളിൽ നിന്നുള്ളവർക്ക് റിസർവ്വേഷൻ ഡയറക്ടറേറ്റ് വഴിയും വിമുക്ത ഭടന്മാരുടെ കുട്ടികൾ യുദ്ധത്തിൽ മരിച്ചവരുടെ/ കാണാതായവരുടെ ആശ്രിതർ, ഇപ്പോൾ പട്ടാളത്തിൽ ഉള്ളവരുടെ കുട്ടികൾ സി.ആർ.പി.എഫ്.കാരുടെ കുട്ടികൾ, ആംഗ്ലോ-ഇൻഡ്യൻ വിഭാഗം, ടെക്സ്റ്റൈൽ ടെക്നോളജി സർട്ടിഫിക്കറ്റ് ഉള്ളവർ, മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലെ ജീവനക്കാർ, അനാഥാലയങ്ങളിൽ താമസിക്കുന്നവർ മുതലായവർക്ക് നിയമപ്രകാരമുള്ള സംവരണമുണ്ട്.

മേൽ സംവരണത്തിനുശേഷമുള്ള സീറ്റുകളുടെ 60% ഓപ്പൺ മെറിറ്റ് ക്വാട്ടായിലും 40% ജാതി സംവരണ വിഭാഗങ്ങൾക്കുമായി മാറ്റി വച്ചിരിക്കുന്നു. ഈഴവ- 9%, മുസ്ലീം-8%, മറ്റു പിന്നോക്ക ഹിന്ദു-3%, ലാറ്റിൻ കാത്തലിക്-3%, ധീവര അനുബന്ധ സമുദായം-2%, വിശ്വകർമ്മ അനുബന്ധ സമുദായം-2%. കുശവൻ അനുബന്ധ സമുദായം -1%, മറ്റു പിന്നോക്ക ക്രിസ്ത്യാനികൾ-1%, കുടുംബി-1%, പട്ടികജാതി-8%, പട്ടികവർഗ്ഗം-2% എന്നീ വിധത്തിലാണ് ജാതി സംവരണം. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റും മറ്റ് വിഭാഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് കൂടാതെ 8 ലക്ഷം രൂപയിൽ കുറവാണെന്ന് സാക്ഷ്യപ്പെടുത്തുന്ന വരുമാന സർട്ടിഫിക്കറ്റ്, നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് എന്നിവയിലേതെങ്കിലും ഹാജരാക്കേണ്ടതാണ്. എ.ഐ.സി.ടി.ഇ.യുടെ ഫീസ് വേവർ സ്കീം പ്രകാരം 5% സീറ്റുകൾ വനിതകൾക്കും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും, ഭിന്നശേഷിയുള്ളവർക്കുമായി സംവരണം ചെയ്തിട്ടുണ്ട്. ആവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്.

ശ്രീരാമ ഗവ. പോളിടെക്നിക് കോളേജ്, തൃപ്രയാർ, ഗവ.പോളിടെക്നിക് കോളേജ്, കോട്ടയം എന്നിവിടങ്ങളിൽ ഭിന്നശേഷിയുള്ളവർക്ക് ഓരോ ബ്രാഞ്ചിലും 5 സീറ്റ് വീതം സംവരണം ചെയ്തിട്ടുണ്ട്. കളമശ്ശേരി ഗവ.പോളിടെക്നിക് കോളേജ്, കോഴിക്കോട് കേരള ഗവ.പോളിടെക്നിക് കോളേജ്, തിരുവനന്തപുരം വനിതാ പോളിടെക്നിക് കോളേജ് എന്നിവിടങ്ങളിൽ യഥാക്രമം, സിവിൽ, കമ്പ്യൂട്ടർ ബ്രാഞ്ചുകളിൽ 10 സീറ്റുകൾ വീതം ബധിരരായ വിദ്യാർത്ഥികൾക്ക് സംവരണം ചെയ്തിട്ടുണ്ട്.

എസ്.എസ്.എൽ.സി. ക്ക് ലഭിച്ച മാർക്കിൽ കണക്ക്, സയൻസ് എന്നിവയ്ക്ക് മുൻതൂക്കം നൽകിയാണ് സെലക്ഷന്റെ ഇൻഡക്സ് സ്കോർ നിശ്ചയിക്കുന്നത് (സ്ട്രീം.1). കണക്ക്, ഇംഗ്ലീഷ് എന്നിവയ്ക്ക് മുൻതൂക്കം നൽകിയാണ് സ്ട്രീം.2 ലേക്കുള്ള സെലക്ഷൻ ഇൻഡക്സ് സ്കോർ നിശ്ചയിക്കുന്നത്. ഇടുക്കി, വയനാട്, പത്തനംതിട്ട, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലയിൽ നിന്നുള്ളവർക്കും ആ ജില്ലകളിലെ സ്കൂളുകളിൽ 8,9,10 ക്ലാസ്സുകളിൽ പഠിച്ചവർക്കും ഇൻഡക്സ് സ്കോറിൽ 1 മാർക്ക് വീതം ബോണസ് അതാത് ജില്ലകളിലെ അഡ്മിഷന് ലഭിക്കുന്നതാണ്. മെയ് 14 മുതൽ ആരംഭിക്കുന്ന ഓൺലൈൻ രജിസ്ട്രേഷൻ മെയ് 29 വരെ തുടരുന്നതാണ്. മെയ് 31 വരെ സ്ഥാപനങ്ങളിൽ ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കാവുന്നതാണ്. പൊതു വിഭാഗങ്ങൾക്ക് 150 രൂപയും പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് 75 രൂപയുമാണ് അപേക്ഷയോടൊപ്പം നൽകേണ്ട ഫീസ്.

കൂടുതൽ വിവരങ്ങൾക്ക് www.polyadmission.org എന്ന വെബ്ബ് സൈറ്റ് സന്ദർശിക്കുക.

ജോയിന്റ് ഡയറക്ടർ

JOINT DIRECTOR
STATE INSTITUTE OF TECHNICAL TEACHERS TRAINING & RESEARCH
HMT JUNCTION, KALAMASSERY
PIN - 683 104

STATE INSTITUTE OF TECHNICAL TEACHERS TRAINING & RESEARCH, KALAMASSERY-683104
GOVERNMENT OF KERALA
DEPT. OF TECHNICAL EDUCATION